പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2140** **05.05.2017**-ൽ മറുപടിക്ക്

**മൃഗശാലകളുടെ നവീകരണം**

ചോദ്യം

ശ്രീ. പി.സി. ജോർജ്ജ്

മറുപടി

ശ്രീ. കെ.രാജു

(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ മൃഗശാലകളിൽ നിലവിൽ മൃഗങ്ങളും മറ്റും വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മൃഗശാലകളിൽ നിലവിൽ മൃഗങ്ങളുടെ എണ്ണം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ മൃഗശാലകളിലെ മൃഗങ്ങൾ പലതും ചത്ത് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സംരക്ഷണത്തിലെ പിഴവ് മൂലമാണോ ഇങ്ങനെ സംഭവിച്ചത് ; | (ബി) | കഴിഞ്ഞ മൂന്നുമാസക്കാലയളവിനുള്ളിൽ 8 മൃഗങ്ങളാണ് പ്രായാധിക്യം കാരണം ചത്തുപോയിട്ടുള്ളത്. മൃഗങ്ങൾ തമ്മിലുള്ള പരസ്പര പോരാട്ടം വഴിയുമുള്ള മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. സംരക്ഷണത്തിലെ പിഴവ് കൊണ്ടുള്ള മരണങ്ങൾ ഉണ്ടായിട്ടില്ല. |
| (സി) | നിലവിലുള്ള മൃഗശാലകൾ ഹൈടെക് ആക്കി ഏറ്റവും നല്ല നിലയിൽ നവീകരിച്ച് കൂടുതൽ മൃഗങ്ങളെയും പക്ഷികളെയും മറ്റും ഇവിടെ എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | നവീകരണത്തിന്റെ ഭാഗമായി തൃശ്ശൂർ മൃഗശാല പുത്തൂർ എന്ന സ്ഥലത്ത് മാറ്റുന്നതിന് വേണ്ട നടപടികൾ വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാലയുടെ അംഗീകാരം വാങ്ങുകയും പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. തിരുവനന്തപുരം മൃഗശാലയിൽ ലഭ്യമല്ലാത്ത ജിറാഫ്, സീബ്ര, വെള്ളസിംഹം, ജാഗ്വാർ, ഏഷ്യൻസിംഹങ്ങൾ, കഴുതപ്പുലികൾ എന്നിവയെ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**